"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നഗര ഗ്രാമാസൂത്രണ വകുപ്പ്- ടൗൺ പ്ലാനർ ശ്രീ.പ്രദീപ്.ആർ - പാലക്കാട് ജില്ലാ ടൗൺ പ്ലാനറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1336/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/07/2021

---

പരാമർശം:-

1. 20.05.2020 തീയതിയിലെ സ.ഉ(സാധാ) നം.927/2020/ത.സ്വ.ഭ.വ ഉത്തരവ്.
2. മുഖ്യനഗരാസൂത്രകന്റെ 14.05.2021, 06.08.2021 തീയതികളിലെ TCPCTP/836/2021-A3 നമ്പർ കത്ത്.

ഉത്തരവ്

നഗര ഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ ശ്രീ.പ്രദീപ്.ആർ-നെ പരാമർശം 1 ലെ ഉത്തരവ പ്രകാരം ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവായിരുന്നു.ടിയാന്റെ അന്യത്ര സേവന കാലാവധി 26.05.2021 അപരാഹ്നം അവസാനിച്ച സാഹചര്യത്തിൽ 27.05.2021 ന് വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം അറിയിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിൽ അനുവദിച്ച അന്യത്രസേവനം 26.05.2021 അപരാഹ്നം അവസാനിച്ചതിനെ തുടർന്ന് 27.05.2021 ന് വകുപ്പിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്ത ടൗൺ പ്ലാനർ ശ്രീ.പ്രദീപ്. ആർ-നെ പാലക്കാട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ നിലവിൽ ഒഴിവുള്ള ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

മുഖ്യനഗരാസൂത്രകൻ ,തിരുവനന്തപുരം
ശ്രീ.പ്രദീപ്.ആർ ,ടൗൺ പ്ലാനർ. (മുഖ്യനഗരാസൂത്രകൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/110/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ